(എ) കെ.എസ്.ടി.പി. പ്രകാരം നിർമ്മിക്കുന്ന റോഡ് നിർമ്മാണത്തിന്റെ ആദ്യ സ്കീമനുസരിച്ച് ഓടയ്ക്കൊപ്പം റോഡിന്റെ രണ്ടുവശത്തും കേബിളും, ജലവിതരണ പൈപ്പുകളും എന്നിവയ്ക്കുവേണ്ടി പ്രത്യേക ചാനൽ നിർമ്മിക്കണമെന്ന് പറഞ്ഞിരുന്നുവോ;

(ബി) പിന്നീട് ഇവയ്ക്കുവേണ്ടി പ്രത്യേക ചാനൽ വേണ്ടെന്നു വച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള തുക കരാറിൽ കുറവ് ചെയ്തിരുന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(ഡി) കേബിളിനും ജലവിതരണത്തിനുമുള്ള ചാനലുകളും വേണ്ടെന്ന് വച്ചതുകൊണ്ട് പണി പൂർത്തിയായ റോഡ് കുഴിച്ച് ഇവ സ്ഥാപിക്കേണ്ടതായി വരുമോ;

(ഇ) ഇപ്പോൾ കേബിളും ജലവിതരണപൈപ്പും പുറത്തിട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എത്ര കിലോമീറ്റർ നിർമ്മാണം പൂർത്തിയാക്കിയ റോഡ് കുഴിച്ച് കേബിളും ജലവിതരണപൈപ്പും റോഡിനടിയിലാക്കേണ്ടിവരും; അതിന് എന്തു ചെലവ് വരും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പറഞ്ഞിരുന്നു.

(ബി) ഉണ്ട്.

(സി) ഇല്ല. കരാർ പ്രകാരം ചെയ്യുന്ന ജോലികൾക്ക് മാത്രമേ തുക നൽകുകയുള്ളൂ. ചെയ്യാത്ത ജോലികൾക്ക് ആനുപാതികമായി കരാർ തുക കുറയ്ക്കുകയോ കൂടുകയോ ചെയ്യുന്നതാണ്.

(ഡി) നിലവിലുള്ള മുഴുവൻ പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നതിന് ഏകദേശം 50 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. ഈ തുക ലോക ബാങ്ക് ധനസഹായമായി നൽകാത്തതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കണ്ടെത്തേണ്ടതുണ്ട്. ആയതിനാൽ അത്യാവശ്യമുള്ള ഭാഗങ്ങളിൽ മാത്രം പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നുള്ളൂ.

(ഇ) ഇപ്പോൾ കുഴിയെടുത്തിട്ടിരിക്കുന്ന ഭാഗങ്ങളിൽ ജോലി പുരോഗമിക്കുന്നതോടൊപ്പം പൈപ്പ് മാറ്റി സ്ഥാപിക്കുന്നതാണ്. അതുകൊണ്ട് റോഡ് കുഴിക്കേണ്ടി വരില്ല. ആയതിനാൽ ഈ ഇനത്തിൽ പിന്നീട് ചെലവ് വരുന്നില്ല.

കല്ലാർ മുതൽ പാണിപ്പത്ത് വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കാൻ

നടപടി

156 [1505] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
പ്രൊഫസർ കെ. വി. തോമസ്:
ശ്രീ. എം. മുരളി:
,, പി. ജെ. ജോയി:
,, വർക്കല രഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാർ-അംബാസമുദ്രം റോഡിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോസ് സഞ്ചാരയോഗ്യമല്ലാതായിട്ട് എത്ര കാലമായി

LIBRARY ARCHIVES Kerala Legislative Assembly

(സി) കല്ലാർ മുതൽ പാണ്ടിപ്പത്ത് വരെയുള്ള ഭാഗം സഞ്ചാരയോഗ്യമാക്കുവാൻ നടപടിയെടുക്കുമോ;

(ഡി) പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കിയാൽ നെടുമങ്ങാട് നിന്ന് തിരുനെൽവേലിക്കുള്ള ദൂരം എത്ര കണ്ടു കുറയ്ക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) കല്ലാർ-അംബാസമുദ്രം റോഡ് ഇപ്പോൾ സഞ്ചാരയോഗ്യമല്ല. വന്യജീവി സങ്കേതം ഉൾപ്പെടുന്ന റിസർവ് വനമായതിനാൽ ടി. റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് വനം വകുപ്പിന് ഉദ്ദേശമില്ല. എന്നാൽ തിരുവനന്തപുരം-കാട്ടാക്കട-കോട്ടൂർ-അംബാസമുദ്രം-തിരുനെൽവേലി റോഡ് അന്തർ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയോ ദേശീയപാതയായോ മാറ്റുന്നതിന് വേണ്ടിയുള്ള നടപടി എടുക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കിയാൽ തിരുവനന്തപുരത്തുനിന്നും തിരുനെൽവേലിയിലേക്കുള്ള ദൂരം 50 കിലോമീറ്റർ കുറയും.

കോഴിക്കോട്-വയനാട് ചുരം റോഡിന് ബദലായി 29-ാം മൈൽ മരുതിലാവ്-വൈത്തിരി റോഡ് നിർമ്മാണം

157 [1507] ശ്രീ. സി. മൊയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-വയനാട് ചുരം റോഡിന് ബദലായി 29-ാം മൈൽ മരുതിലാവ്-വൈത്തിരി റോഡ് നിർമ്മിക്കണമെന്ന നിർദ്ദേശത്തിൻമേൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോഡ് പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണ് ഉള്ളതെന്ന് പറയാമോ;

(സി) ചുരം റോഡിനുള്ള ബദൽ റോഡ് എന്നത് കണക്കിലെടുത്ത് ഈ റോഡ് പ്രാവർത്തികമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) വർഷംതോറും വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഏറ്റെടുത്ത് അറ്റകുറ്റപ്പണികൾ നടത്തുന്ന നിലവിലുള്ള ചുരം റോഡിന് ബദലായി താരതമ്യേന ചെലവ് കുറഞ്ഞതും യാത്രാദൂരിതം കുറവുള്ളതുമായ ബദൽ റോഡിന് മുന്തിയ പരിഗണന നൽകുമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് നിർമ്മാണത്തിനായി 570 ലക്ഷം രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ എസ്റ്റിമേറ്റിന് ഭരണാനുമതി നേടി പണി നടത്താനുള്ള തുടർനടപടികൾ എടുത്തുവരുന്നു.

(ബി) ഈ റോഡിന്റെ കെ.എം. 4/00 മുതൽ 5/100 വരെയുള്ള ഭാഗം വനമേഖലയിലൂടെയാണ് കടന്നുപോകുന്നത്. ഏകദേശം 3 ഏക്കർ വനഭൂമി ഈ റോഡ് നിർമ്മാണത്തിനാവശ്യമായി വരും. ഈ ഭൂമി വനം വകുപ്പിൽനിന്നും വിട്ടുകിട്ടിയിട്ടില്ല.

(സി) സ്വീകരിച്ചുവരുന്നു.

(ഡി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly